Date: 22.06.2026

To,
Department of Corporate Service
The Bombay Stock Exchange
BSE Limited
25 P. J. Tower, Dalal Street,
Mumbai – 400 001

Ref: Scrip Code: 539090

Sub: Notice of 84th Annual General Meeting – Rajputana Investment & Finance Limited

Dear Sir (s),

With reference to the subject mentioned, we enclose herewith the newspaper advertisements of 84th Annual General Meeting published on 22.06.2026 in Financial Express (English) and Kerala Kaumudi (Malayalam).

This is for your kind information and records

Thanking You,
Yours Faithfully,
For M/s Rajputana Investment & Finance Limited

VINITHA V Digitally signed by VINITHA V Date: 2026.06.22 12:29:42 +05'30'

Villadath Vinitha
Company Secretary & Compliance Officer
Membership No: ACS 59401

മുല്ലപ്പെരിയാർ സമിതി: പ്രതിഷേധമറിയിച്ച് കേരളം

തിരുവനന്തപുരം: മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സമഗ്ര സുരക്ഷാ പരിശോധനയ്ക്കായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയിലേക്ക് കേരളം നിർദ്ദേശിച്ച വിദഗ്ദ്ധനെ ഏകപക്ഷീയമായി നീക്കിയ കേന്ദ്രസർക്കാർ നടപടിക്കെതിരെ കേരളത്തിന് ശക്തമായ പ്രതിഷേധം.

കേന്ദ്ര നടപടി അംഗീകരിക്കാനാവില്ലെന്ന് കേരളം കേന്ദ്രത്തെ അറിയിച്ചു. ജലവിഭവവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ഇതുസംബന്ധിച്ച കത്ത് കേന്ദ്ര ജൽശക്തി മന്ത്രാലയത്തിന് നൽകി. ശിവരാജനെ നീക്കിയതായി കേരളത്തിന് ലഭിച്ച കത്തിന് മറുപടിയായാണ് കേരളം എതിർപ്പ് അറിയിച്ചത്.

കേരളവുമായി കൂടിയാലോചന നടത്താതെയായിരുന്നു ഈ നടപടി. കേരളത്തിന്റെ പ്രതിനിധി ടി.കെ. ശിവരാജൻ സമിതിയിൽ തുടരുന്നതിൽ എതിർപ്പുണ്ടെങ്കിൽ പകരം ആളെ നിർദ്ദേശിക്കാൻ കേരളത്തോട് ആവശ്യപ്പെടണമായിരുന്നുവെന്ന് മന്ത്രി മോൻസ് ജോസഫ് പറഞ്ഞു. അതിന് മുതിരാതെ ഏകപക്ഷീയമായി നടപടിയെടുത്തു. കേരള പ്രതിനിധി വേണ്ടെങ്കിൽ തമിഴ്നാട് പ്രതിനിധിയെയും മാറ്റണമെന്നും ആവശ്യപ്പെട്ടു.

പുതിയ ഡാം: ഡി.പി.ആർ തയ്യാർ

മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിനായുള്ള ഡി.പി.ആർ 2024ൽ കേരളം തയ്യാറാക്കിയിരുന്നു. മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട ചർച്ചകളിൽ അവതരിപ്പിക്കാനാവുന്ന വിധത്തിലായിരുന്നു ഇത്. 1300 കോടിയിലേറെ രൂപയാണ് പുതിയ ഡാമിന് കേരളം കണക്കാക്കിയിട്ടുള്ള നിർമ്മാണച്ചെലവ്.

വാക്കുകളിൽ തനിമ സൂക്ഷിച്ച കവി: രമേശ് ചെന്നിത്തല

തിരുവനന്തപുരം: വാക്കുകളിലും വരികളിലും നമ്മുടെ ചൈതന്യവും തനിമയും കാത്തുസൂക്ഷിച്ച കവിയായിരുന്നു പി. നാരായണക്കുറുപ്പെന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. അദ്ദേഹം ഭാഷയ്ക്കും സാംസ്കാരിക ലോകത്തിനും നൽകിയ സംഭാവനകൾ സമാനതകളില്ലാത്തതാണ്. ദീർഘകാലമായ ഒരു ആത്മബന്ധമാണ് നഷ്ടമാകുന്നത്. നാരായണക്കുറുപ്പിന്റെ നിര്യാണം മലയാളഭാഷയ്ക്കും സാഹിത്യലോകത്തിനും കനത്ത നഷ്ടമാണെന്നും അനുശോചന സന്ദേശത്തിൽ രമേശ് ചെന്നിത്തല പറഞ്ഞു.

ജയിൽ വകുപ്പിൽ കരാർ നിയമനം

തിരുവനന്തപുരം: വിവിധ ജയിലുകളിലേക്ക് കൗൺസിലർ, സോഷ്യൽ വർക്കർ തസ്തികകളിലെ കരാർ വേതന വ്യവസ്ഥയിലേയ്ക്ക് ജൂലായ് 16നകം അപേക്ഷിക്കാം. കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലാ ജയിലുകളിലേക്കാണ് നിയമനം. വിജ്ഞാപനവും അപേക്ഷയുടെ മാതൃകയും www.keralaprisons.gov.in വെബ്സൈറ്റിൽ. ഇമെയിൽ: keralaprisons@gov.in.

പ്രാർത്ഥനാ കേന്ദ്രത്തിലെ പീഡനം

പ്രാർത്ഥന തടഞ്ഞ് ബി.ജെ.പി, സംഘർഷം

ഇലവുംതിട്ട (പത്തനംതിട്ട): കുട്ടികളെ ഉപദ്രവിച്ച പാസ്റ്ററെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് പ്രാർത്ഥനാ കേന്ദ്രത്തിലേക്ക് ബി.ജെ.പി നടത്തിയ പ്രതിഷേധത്തിൽ സംഘർഷം.

ഓമല്ലൂർ ഊന്നുകല്ല് വെട്ടോലിമലയിലെ എലോഹിം വർഷിപ്പ് സെന്ററിലേക്കായിരുന്നു മാർച്ച്. പ്രാർത്ഥനാകേന്ദ്രത്തിന്റെ ഉടമ പാസ്റ്റർ ബിനു വാഴമുട്ടത്തിന്റെ അറസ്റ്റ് ആവശ്യപ്പെട്ടായിരുന്നു മാർച്ച്. വർഷിപ്പ് സെന്ററിൽ താമസിപ്പിച്ചിരുന്ന ഇടുക്കി അണക്കര സ്വദേശിയായ പതിനേഴുകാരനെയും എരുമേലി സ്വദേശിയായ പതിനഞ്ചുകാരനെയും ഉടമ മർദ്ദിച്ചെന്നാണ് പരാതി. ഇതേത്തുടർന്നാണ് ബി.ജെ.പി ഓമല്ലൂർ പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ ആക്ഷൻ കൗൺസിൽ ഇന്നലെ രാവിലെ പ്രാർത്ഥനാകേന്ദ്രം ഉപരോധിച്ചത്. പ്രാർത്ഥനയ്ക്കെത്തിയവരെ ബി.ജെ.പി പ്രവർത്തകർ തടഞ്ഞു. ഇതോടെ വിശ്വാസികളും പ്രതിഷേധിച്ചു.

പത്തനംതിട്ട ഡിവൈ.എസ്.പിയുടെ നേതൃത്വത്തിൽ പൊലീസും സ്ഥലത്തെത്തി. ഇരു വിഭാഗവും പിരിഞ്ഞുപോകണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ പാസ്റ്ററെ അറസ്റ്റ് ചെയ്യാതെ പിൻമാറില്ലെന്ന് ബി.ജെ.പി പ്രവർത്തകരും പ്രാർത്ഥിക്കാതെ പോകില്ലെന്ന് വിശ്വാസികളും നിലപാടെടുത്തു. ഇതോടെ പൊലീസ് സംരക്ഷണയിൽ വിശ്വാസികളെ പ്രാർത്ഥനാ ഹാളിലേക്ക് കടത്തിവിട്ടു. ഈ സമയം പാസ്റ്റർ ബിനു സ്ഥലത്തില്ലായിരുന്നു.

ഓമല്ലൂർ ഊന്നുകല്ല് വെട്ടോലിമലയിലെ എലോഹിം വർഷിപ്പ് സെന്ററിൽ ബി.ജെ.പി പ്രവർത്തകർ വിശ്വാസികളെ തടഞ്ഞപ്പോൾ

പ്രതിഷേധം ജില്ലാ നേതൃത്വം അറിയാതെ

ഏതാനും ബി.ജെ.പി പ്രവർത്തകരെ പൊലീസ് കസ്റ്റഡിയിലെടുത്തെങ്കിലും പിന്നീട് വിട്ടു. വിശ്വാസികളെ തടഞ്ഞത് വിവാദമായതോടെ സമരം അവസാനിപ്പിക്കാൻ ബി.ജെ.പി ജില്ലാനേതൃത്വവും നിർദ്ദേശിച്ചു. ജില്ലാനേതൃത്വത്തോട് ആലോചിക്കാതെയാണ് പ്രാദേശിക നേതൃത്വം പ്രതിഷേധിച്ചതെന്നും പറയപ്പെടുന്നു. കുട്ടികളെ മർദ്ദിച്ചതിന് സെന്ററിലെ മൂന്ന് ജീവനക്കാരെ പൊലീസ് അറസ്റ്റുചെയ്തിരുന്നു.

> ഗ്രാമപഞ്ചായത്തിന്റെ അനുമതിയോ ലൈസൻസോ ഇല്ലാതെയാണ് കല്യാണ മണ്ഡപത്തെ പാസ്റ്റർ ബിനു പ്രാർത്ഥനാ ഹാളാക്കിയത്. ഇതിന് സ്റ്റോപ് മെമ്മോ നൽകിയിട്ടുണ്ട്. കെട്ടിട ഉടമ പഞ്ചായത്തിൽ പരാതി നൽകി. തുടർന്ന് ഒഴിയാൻ പാസ്റ്റർക്ക് നോട്ടീസും നൽകി.
>
> - ആതിര വി. നായർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഓമല്ലൂർ

ചെക്ക്പോസ്റ്റ് സമയം ചുരുക്കി; വാളയാറിൽ നഷ്ടം കോടികൾ

- രാത്രിയാവാൻ വാഹനങ്ങൾ അതിർത്തിക്കപ്പുറത്ത് കിടക്കും
- ഒരു മാസത്തെ നഷ്ടം 17.5 കോടി

ജിബിൻ സഖേയ

KAUMUDI SPECIAL

പാലക്കാട്: ചെക്ക്പോസ്റ്റുകളുടെ പ്രവൃത്തിസമയം രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെയാക്കി ചുരുക്കിയതോടെ സംസ്ഥാനത്തിന് നഷ്ടം കോടികൾ. രാത്രികാലത്ത് നിർബാധം കടന്നുപോകാൻ അവസരം കിട്ടിയതോടെ, ചരക്കുവാഹനങ്ങൾ അതിർത്തിക്ക് അപ്പുറത്ത് കാത്തുകിടന്നശേഷം രാത്രിയോടെ കേരളത്തിലേക്ക് പ്രവേശിക്കുകയാണ്. കഴിഞ്ഞ ഒരുമാസം മാത്രം വാളയാറിലെ മോട്ടോർ വാഹന വകുപ്പ് ചെക്ക്പോസ്റ്റിൽ പിഴ ഇനത്തിൽ നഷ്ടമായത് പതിനേഴരക്കോടിയോളമാണ്.

അനധികൃത ചരക്ക കടത്ത്, അമിതഭാരം കയറ്റൽ, രേഖകളിൽ ക്രമക്കേട്, പെർമിറ്റില്ലാതെ ചരക്കു കടത്തൽ തുടങ്ങിയ നിയമന ലംഘനങ്ങൾ കണ്ടെത്തിയാണ് പിഴ ഈടാക്കുക.

അതേസമയം, തമിഴ്നാട് മോട്ടോർ വാഹന വകുപ്പിന്റെ അതിർത്തി ചെക്ക്പോസ്റ്റ് കെ.ജെ ചാവടിയിൽ നിന്ന് വാളയാറിലെ കേരള ചെക്ക്പോസ്റ്റിന് സമീപത്തേക്ക് മാറ്റുകയും ഒരു മാസത്തിനിടെ പിഴ ഇനത്തിൽ 18 കോടി രൂപ അവർക്ക് ലഭിക്കുകയും ചെയ്തു. തൊട്ടടുത്തുള്ള കേരള മോട്ടോർ വാഹന വകുപ്പ് ചെക്ക്പോസ്റ്റിൽനിന്ന് സർക്കാരിലേക്ക് അടച്ചത് 56,000 രൂപമാത്രം. കഴിഞ്ഞ സർക്കാരാണ് കേരളത്തിലെ ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം രാവിലെ 10 മുതൽ വൈകിട്ട് 5 വരെയാക്കി ചുരുക്കിയത്. അമിത ഭാരവും മറ്റും കണ്ടെത്താൻ ആധുനിക സൗകര്യങ്ങളില്ലാത്തതും തിരിച്ചടിയാണ്. ഒരു ദിവസം ഇരുപതിനായിരത്തോളം ചരക്ക വാഹനങ്ങളാണ് വാളയാർ കടന്നെത്തുന്നത്.

വെർച്വൽ ചെക്ക്പോസ്റ്റ് വന്നാൽ ഫലപ്രദം

- ചെക്ക്പോസ്റ്റുകൾ അഴിമതി രഹിതമാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന അതിർത്തികളിൽ നടപ്പാക്കാനൊരുങ്ങിയ വെർച്വൽ ചെക്ക്പോസ്റ്റ് പദ്ധതിക്കായുള്ള നടപടികൾ പുരോഗമിക്കുകയാണ്.
- വെർച്വൽ ചെക്ക്പോസ്റ്റ് വരുന്നതോടെ ഉന്നത ഉദ്യോഗസ്ഥർക്ക് തിരുവനന്തപുരത്തിരുന്ന് ചെക്ക്പോസ്റ്റ് നടപടികൾ നിരീക്ഷിക്കാനാകും. ചെക്ക്പോസ്റ്റിൽ ഉദ്യോഗസ്ഥരുടെ എണ്ണം കുറയ്ക്കാനുമാകും. മോട്ടോർവാഹന വകുപ്പിന്റെ എം പരിവാഹൻ ഓൺലൈൻ സംവിധാനവുമായും ഇതു ബന്ധിപ്പിക്കും.
- വാളയാർ ചെക്ക്പോസ്റ്റിൽ കാമറകളും സ്കാനറുകളും സ്ഥാപിക്കേണ്ട സ്ഥലങ്ങളുടെ സർവേ നടപടികൾ കഴിഞ്ഞ നവംബറിൽ പൂർത്തിയാക്കിയിരുന്നു.

വാളയാർ ഇൻ, വാളയാർ ഔട്ട്, വേലന്താവളം, നടുപ്പുണി, ഒഴലപ്പതി, ഗോപാലപുരം, മീനാക്ഷിപുരം, ഗോവിന്ദാപുരം എന്നിങ്ങനെ ജില്ലയിൽ 8 ചെക്ക്പോസ്റ്റുകളാണ് മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ളത്.

ലഹരിക്കേസിൽ രാഷ്ട്രീയക്കാർ വക്കാലത്തുമായി വരരുത്: ചെന്നിത്തല

സ്വന്തം ലേഖകൻ

ആലപ്പുഴ: ലഹരിഇടപാടുകാർക്കായി രാഷ്ട്രീയക്കാർ വക്കാലത്തുമായി പൊലീസ് സ്റ്റേഷനിൽ ചെല്ലരുതെന്ന് മാദ്ധ്യമങ്ങളോട് സംസാരിക്കവെ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല നിർദ്ദേശിച്ചു. ഓപ്പറേഷൻ ഡി ഹണ്ടിന്റെ ഭാഗമായി പരിശോധനയിൽ ഓൺലൈൻ ഭക്ഷണ വിതരണ ഏജൻസികളിലെ ജീവനക്കാരും ആംബുലൻസ് ഡ്രൈവർമാരും ലഹരി കടത്തിന്റെ ഭാഗമാകുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവർക്കെതിരെ കടുത്ത നടപടിയെടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഇതിന്റെ ഭാഗമായി ലഹരിവിരുദ്ധ ദിനമായ 26ന് സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലും എം.എൽ.എമാരുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലും. ആരോഗ്യ, വിദ്യാഭ്യാസ വകുപ്പുകളുടെ സഹകരണത്തോടെ ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കും. ആലപ്പുഴയിലെ രക്ഷാപ്രവർത്തനത്തിൽ എ.ഡി.ജി.പിക്കെതിരായ നടപടിയെപ്പറ്റി പ്രത്യേക അന്വേഷണ സംഘത്തിന്റെ റിപ്പോർട്ട് വന്നശേഷമേ പറയാനാകൂവെന്നും മന്ത്രി പറഞ്ഞു.

ആലപ്പുഴയിൽ ഒരു ഗവ. മെഡിക്കൽ കോളേജ് കൂടി വരുന്നതിനെ എതിർക്കുന്നത് എന്തിനാണെന്ന് തനിക്ക് മനസിലാകുന്നില്ലെന്നും വണ്ടാനം മെഡിക്കൽ കോളേജിനെ വിപുലപ്പെടുത്തുന്നതിനൊപ്പം കരുവാറ്റയിലും മെഡിക്കൽ കോളേജ് തുടങ്ങാനാണ് ശ്രമമെന്നും രമേശ് ചെന്നിത്തല പറഞ്ഞു. ജി. സുധാകരൻ മുമ്പ് തന്നെ ഇതിനെതിരായ നിലപാടുള്ള ആളായിരുന്നെന്നും അദ്ദേഹത്തിന്റെ ഏത് ആവശ്യവും മുന്നണിയും കോൺഗ്രസും പരിഗണിക്കും. കരുവാറ്റ മെഡിക്കൽ കോളേജിന്റെ പേരിൽ തനിക്കെതിരെ രണ്ട് വിജിലൻസ് അന്വേഷണം നടത്തിയിട്ടും ഒന്നും കണ്ടെത്താനായില്ലെന്നും രമേശ് ചെന്നിത്തല ചൂണ്ടിക്കാട്ടി.

കയറും ടൂറിസവുമുൾപ്പെടെ പരമ്പരാഗത തൊഴിൽ മേഖലയ്ക്ക് വലിയ പരിഗണനയാണ് ബഡ്ജറ്റിലുള്ളത്. ഇടക്കാല ബഡ്ജറ്റായതിനാൽ ചില പരിമിതികളുണ്ടെങ്കിലും പോരായ്മകൾ ചർച്ചകളിലൂടെ പരിഹരിക്കുമെന്ന് മന്ത്രി പറഞ്ഞു. കരിമണൽ ഖനനം പൊതുമേഖലയിൽ വേണമെന്ന നയത്തിൽ മാറ്റമുണ്ടായിട്ടുണ്ടെന്നാണ് മനസിലാക്കുന്നതെന്നും രമേശ് ചെന്നിത്തല ചോദ്യത്തിന് മറുപടിയായി പറഞ്ഞു. ആലപ്പുഴ ഡി.സി.സി പ്രസിഡന്റ് ബാബു പ്രസാദും മന്ത്രിക്കൊപ്പം ഉണ്ടായിരുന്നു.

ജർമ്മനിയിലെ നഴ്സ് ഒഴിവ്, ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യപരിക്ഷ പൂർത്തിയായി

തിരുവനന്തപുരം: ജർമ്മനിയിലെ വിവിധ ആശുപത്രികളിലെ 100 നഴ്സിംഗ് ഒഴിവുകളിലേക്ക് നോർക്ക റൂട്ട്സ് സംഘടിപ്പിക്കുന്ന വർക്ക് ഇൻ ഹെൽത്ത്, ജർമ്മനി റിക്രൂട്ട്മെന്റിന്റെ ഭാഷാപ്രാവീണ്യ പരീക്ഷ പൂർത്തിയായി. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ജർമ്മൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയുടെ ഇന്റർനാഷണൽ ഹെൽത്ത് കെയർ പ്രൊഫഷണൽസിന്റെയും ജർമ്മനിയിലെ എംപ്ലോയർ അഭിമുഖങ്ങളിലും പങ്കെടുക്കാം. ഇടർന്ന് എ1 മുതൽ ബി2 ലെവൽ വരെ സൗജന്യ ജർമ്മൻ ഭാഷാ പരിശീലനവും ബി1 ലെവൽ മുതൽ താമസം, ഭക്ഷണം എന്നിവയും ലഭിക്കും. 2 ലെവൽ പാസാകുന്നവർക്ക് 100 യൂറോയും, ബി 1 ലെവൽ പാസാകുന്നവർക്ക് 150 യൂറോയും ബി 2 ലെവൽ എ പാസാകുന്നവർക്ക് 200 യൂറോയും ആദ്യത്തെ ചാൻസിൽ പാസാകുന്നവർക്ക് 100 യൂറോ അധികമായും സ്കോളർഷിപ്പ് ലഭിക്കും. വിസ പ്രോസസിംഗ്, വിമാന ടിക്കറ്റ് ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും ഉദ്യോഗാർത്ഥികൾക്ക് സൗജന്യമാണ്.

തൃശൂർ ജില്ലാ യോഗ അസോസിയേഷന്റെ അന്താരാഷ്ട്ര യോഗ ദിനം കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസി ചീഫ് മെഡിക്കൽ ഓഫീസർ ഡോ. സി. പത്മജൻ ഉദ്ഘാടനം ചെയ്യുന്നു.

അനീതി ചൂണ്ടിക്കാട്ടിയതിന് വെള്ളാപ്പള്ളിയെ ആക്രമിക്കുന്നു: തുഷാർ

ന്യൂഡൽഹി: ഒരു സമുദായത്തിന് മാത്രം വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിലെ അനീതി അടക്കം സത്യങ്ങൾ ചൂണ്ടിക്കാട്ടുന്നതിനാൽ ചിലർ എസ്.എൻ.ഡി.പി.യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനെ വേട്ടയാടുകയാണെന്ന് മകനും ബി.ഡി.ജെ.എസ് നേതാവുമായ തുഷാർ വെള്ളാപ്പള്ളി പറഞ്ഞു. ജനറൽ സെക്രട്ടറി സമുദായ കാര്യങ്ങൾ പറയുന്നതിൽ തെറ്റില്ല. ഒരു സമുദായത്തെയും മതത്തെയും എതിർക്കാനും ചെറുതാക്കാനും യോഗം ആഗ്രഹിക്കുന്നില്ല. ഈഴവന്റെ വിദ്യാഭ്യാസ-വ്യാവസായിക പുരോഗതിക്കാണ് ഈ സംഘടനയുണ്ടാക്കുന്നത് ഗുരുദേവൻ വ്യക്തമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരു മതവിഭാഗത്തിന് മാത്രം നൽകുന്നത് ചോദ്യം ചെയ്തതാണ് പ്രശ്നമായത്. മൈക്രോഫിനാൻസ് അഴിമതി ആരോപണങ്ങളിൽ കഴമ്പില്ല. കേസ് തുടങ്ങി 12 വർഷമായിട്ടും യോഗത്തിനെതിരെ ഒരു തെളിവുമില്ല. 15,000 കോടിയോളം രൂപ മൈക്രോഫിനാൻസ് വഴി യൂണിയനിലെത്തി. ക്രമക്കേട് ആരോപിച്ചവരാണ് ജനറൽ സെക്രട്ടറിക്കെതിരെ ഇപ്പോഴും നീങ്ങുന്നത്.

സി.എം. രവീന്ദ്രനെ പിണറായിയുടെ സ്റ്റാഫിൽ നിന്നും ഒഴിവാക്കി

തിരുവനന്തപുരം: മുഖ്യമന്ത്രിയായിരുന്നപ്പോൾ കൂടെയുണ്ടായിരുന്ന സി.എം. രവീന്ദ്രനെ പ്രതിപക്ഷ നേതാവ് പിണറായി വിജയന്റെ പേഴ്സണൽ സ്റ്റാഫിൽ നിന്നും ഒഴിവാക്കി. പിണറായി മുഖ്യമന്ത്രിയായിരിക്കെ പത്ത് വർഷമായി അഡിഷണൽ പ്രൈവറ്റ് സെക്രട്ടറിയായിരുന്നു രവീന്ദ്രൻ.

സ്വർണക്കള്ളക്കടത്തുമായി ബന്ധപ്പെട്ട കേസിൽ ഇ.ഡി രവീന്ദ്രനെ ചോദ്യം ചെയ്തിരുന്നു. ഊരാളുങ്കൽ ലേബർ സൊസൈറ്റിയുമായി ബന്ധപ്പെട്ട ഇടപാടുകളും ഇ.ഡി അന്വേഷിച്ചിരുന്നു. പ്രതിപക്ഷ നേതാവിന്റെ സ്റ്റാഫ് നിയമനം കഴിഞ്ഞ ദിവസമാണ് പൂർത്തിയായത്.

പ്രൊഫഷണൽ ഡ്രാമ ചേമ്പർ സംസ്ഥാന സമ്മേളനം

അമ്പലപ്പുഴ: പ്രൊഫഷണൽ ഡ്രാമ ചേമ്പറിന്റെ സംസ്ഥാന സമ്മേളനം ജി. സുധാകരൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു.

ചലച്ചിത്ര താരം പ്രമോദ് വെളിയനാട് മുഖ്യാതിഥിയായെത്തിയ ചടങ്ങിൽ ഡ്രാമാ ചേമ്പർ ചെയർപേഴ്സൺ സന്ധ്യ രാജേന്ദ്രൻ അദ്ധ്യക്ഷയായി. ചലച്ചിത്ര നടനും ഡ്രാമ ചേമ്പർ രക്ഷാധികാരിയുമായിരുന്ന ഇ.എ. രാജേന്ദ്രനെ നാടക രചയിതാവ് ഹേമന്ത് കുമാർ അനുസ്മരിച്ചു. സംസ്ഥാന അവാർഡ് ജേതാക്കളായ സുനിതാ മനോജ്, വഞ്ചിയൂർ സൈജു, രമേശൻ ബ്രഹ്മ, ഹേമന്ത് കുമാർ, ദിലീപ് സിത്താര, ഉത്തര എന്നിവരെ ആദരിച്ചു.

സംഘടനയിൽ 25 വർഷം പൂർത്തിയാക്കിയ ഉഷ ഉദയൻ, സുബൈർ ഖാൻ, കൊച്ചനിയൻ, ഉമേഷ് എന്നിവരെ മുഖ്യരക്ഷാധികാരി സി. രാധാകൃഷ്ണൻ അനുമോദിച്ചു. ഡ്രാമ ചേമ്പർ ഉപദേശക സമിതിയംഗം പയ്യന്നൂർ മുരളി, ദിലീപ് സിത്താര, മനോജ് ചന്ദ്രകാന്ത, അഡ്വ. നെയ്യാറ്റിൻകര പത്മകുമാർ, ഷാജി സരിഗ, വിമൽ ചെറുപൊയ്ക, പ്രശാന്ത് നരിക്കല്ലിൽ, ചന്ദ്രൻ ഗുരുവായൂർ, ബിനു കൊറ്റാമം, ബിജു രാജശിരി എന്നിവർ സംസാരിച്ചു.

പ്രൊഫഷണൽ ഡ്രാമ ചേമ്പറിന്റെ സംസ്ഥാന സമ്മേളനം ജി. സുധാകരൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

യോഗയ്ക്ക് ജാതി-മത വിവേചനമില്ല: കെ.മുരളീധരൻ

തിരുവനന്തപുരം: ആരോഗ്യ സംരക്ഷണത്തിനായി ആർക്കും പരിശീലിക്കാവുന്ന വ്യായാമമുറയാണ് യോഗയെന്നും അതിന് ജാതി - മത, വർണ വിവേചനമില്ലായെന്നും ആരോഗ്യ മന്ത്രി കെ. മുരളീധരൻ പറഞ്ഞു.

ആയുഷ് വകുപ്പ് നാഷണൽ ആയുഷ് മിഷനുമായി സഹകരിച്ച് സംഘടിപ്പിച്ച അന്താരാഷ്ട്ര യോഗാ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. 'ദിവസേന അരമണിക്കൂറെങ്കിലും യോഗ ചെയ്യാൻ എല്ലാവരും മാറ്റിവയ്ക്കണം. അലോപ്പതിയും ആയുഷ് വകുപ്പും ചേർന്നുള്ള പ്രവർത്തനമാണ് ആരോഗ്യ സംരക്ഷണ രംഗത്ത് ആവശ്യമെന്നും' കെ. മുരളീധരൻ പറഞ്ഞു. തുടർന്ന് ചെയർ യോഗയെക്കുറിച്ചുള്ള വീഡിയോ മന്ത്രി പ്രകാശനം ചെയ്തു. നാഷണൽ ആയുഷ് മിഷൻ കേരളം സംസ്ഥാന മിഷൻ ഡയറക്ടർ അനു.എസ്. നായർ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ അനുകുമാരി, ഐ.എസ്.എം ഡയറക്ടർ ഡോ. പ്രിയ.കെ.എസ്, ഹോമിയോ മെഡിക്കൽ എഡ്യുക്കേഷൻ പ്രിൻസിപ്പൽ ആൻഡ് കൺട്രോളിംഗ് ഓഫീസർ ഡോ.ടി.കെ. വിജയൻ, ആയുർവേദ മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ ഡോ. ഇന്ദുകല.പി.ആർ, നാഷണൽ ആയുഷ് മിഷൻ കേരളം നോഡൽ ഓഫീസർ അജിത.എ, ഐ.എസ്.എം ഡിപ്പാർട്ട്മെന്റ് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. മിനി.എസ് പൈ, ഹോമിയോപ്പതി മെഡിക്കൽ ഓഫീസർ ഡോ. പ്രിൻസി സെബാസ്റ്റ്യൻ, ആയുഷ് മിഷൻ പ്രോഗ്രാം മാനേജർ ഡോ. ഗായത്രി ആർ.എസ്, സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാരായ ഡോ. മുഹ്സീന എച്ച്, ഡോ. ആർ. ജയനാരായണൻ എന്നിവർ പങ്കെടുത്തു.

അന്താരാഷ്ട്ര യോഗാ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ നിർവ്വഹിക്കാനെത്തിയ ആരോഗ്യവകുപ്പ് മന്ത്രി കെ. മുരളീധരൻ യോഗ അഭ്യസിക്കുന്നു. ഫോട്ടോ : അജയ് മധു

മഴയില്ലെങ്കിൽ വൈദ്യുതി പ്രതിസന്ധി തുടരും

തിരുവനന്തപുരം: മഴ ശക്തമായില്ലെങ്കിൽ സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി തുടരും. പീക് സമയം വൈദ്യുതി ലഭ്യതയിൽ കുറവുണ്ടായതിനെത്തുടർന്ന് ഈ മാസം 30വരെയാണ് 15 മുതൽ 30 മിനിറ്റ് വരെ നിയന്ത്രണം പ്രഖ്യാപിച്ചത്. മഴ കുറഞ്ഞതിനെത്തുടർന്ന് ചൂട് കൂടിയതാണ് രാജ്യമാകെ വൈദ്യുതി ഡിമാൻഡ് കൂട്ടിയത്. മഴ പ്രതീക്ഷിച്ച് കൈമാറ്റ കരാർ പ്രകാരം ഈ സീസണിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് തിരികെ നൽകേണ്ട വൈദ്യുതിയും കൊടുക്കേണ്ടതുണ്ട്. ബംഗാൾ അടക്കം വിവിധ സംസ്ഥാനങ്ങളുമായി വൈദ്യുതി കരാറുകൾക്ക് കെ.എസ്.ഇ.ബി ശ്രമിക്കുന്നുണ്ട്.

എസ്.എൻ.ഡി.പി മണ്ണുത്തി യൂണിയൻ നേതൃയോഗം മണ്ണുത്തി യൂണിയൻ സെക്രട്ടറി ബ്രുഗുണൻ മനയ്ക്കലാത്ത് ഉദ്ഘാടനം ചെയ്യുന്നു

'വെള്ളാപ്പള്ളി നടേശന് ഐക്യദാർഢ്യം'

മണ്ണുത്തി: എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശന് മണ്ണുത്തി യൂണിയന്റെ ഐക്യദാർഢ്യം.

വരുന്ന ശ്രീനാരായണ ഗുരുദേവ ജയന്തി ദിനാഘോഷം രാവിലെ ശാഖകളുടെ നേതൃത്വത്തിലും, വൈകീട്ട് യൂണിയന്റെ ആഭിമുഖ്യത്തിൽ മണ്ണുത്തി കൊട്ടങ്ങല്ലൂർക്കാവ് ഭഗവതി ക്ഷേത്ര മൈതാനിയിലുമായി വിപുലമായി നടത്താൻ യോഗം തീരുമാനിച്ചു.

ശാഖാ ഭാരവാഹികളുടെ നേതൃയോഗം യോഗം മണ്ണുത്തി യൂണിയൻ സെക്രട്ടറി ബ്രുഗുണൻ മനയ്ക്കലാത്ത് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഇ.കെ. സുധാകരൻ അദ്ധ്യക്ഷനായി. ഡയറക്ടർ ബോർഡ് മെമ്പർ ചിന്തു ചന്ദ്രൻ, യൂണിയൻ കൗൺസിലർമാരായ ജനാർദ്ദനൻ പുളിങ്കുഴി, സുബ്രഹ്മണ്യൻ പൊന്നൂക്കര, കുമാരി രമേശൻ, ഷാലു സുകുമാരൻ, പി.എം. ജിമിത്ത് എന്നിവർ സംസാരിച്ചു.

TIE-UP WITH HOLTEC INT'L ON THE CARDS, FOLLOWS PACTS WITH EDF, CLEAN CORE

Global nuclear players turn to NTPC for N-tech partnerships

PRATYUSH DEEP
& ANIL SASI
New Delhi, June 21

NTPC, THE COUNTRY'S largest integrated power generator, is emerging as a key pivot in India's nuclear landscape after the sector was opened up through an overarching legislation late last year.

For decades, the Nuclear Power Corporation of India (NPCIL) has been the vanguard of India's traditional nuclear establishment. With the passage of the SHANTI Act, 2005, which eased the liability framework and paved the way for greater private and foreign participation, NTPC is emerging as a second pillar of sorts and a partner of choice for global nuclear technology providers seeking a foothold in the Indian market.

Notably, an NTPC functionary is also seen as a possible contender for a top energy advisory role in the government.

The latest collaboration in the works is with New Jersey-based nuclear technology firm Holtec International known for its flagship small modular reactor, the SMR-300. The company is understood to be in advanced discussions with NTPC and could formalise a partnership as early as next month, The Indian Express has learned.

This comes after NTPC signed a non-binding Memorandum of Understanding (MoU) in April with Électricité de France (EDF) to explore cooperation in developing new nuclear power projects in India. The company has also inked an agreement with Russia's state-owned nuclear company Rosatom for its VVER series of reactors — a type of reactors called light water reactors, or pressurised water reactor (PWR).

NTPC is also in talks to buy a minority stake in US-based nuclear fuel technology company Clean Core Thorium Energy (CCTE), the company had informed the stock exchange in January. Both the companies are exploring the "development and deployment of a thorium-based fuel" for existing nuclear stations in India, subject to regulatory clearances, Department of Atomic Energy told the parliament earlier this year.

Both Holtec and Clean Core are among the handful of American nuclear companies which have begged 'specific authorisations' from the US government with respect to a restrictive American regulation referred to as "10CFR810" — (Part 810 of Title 10, Code of Federal Regulations of the US Atomic Energy Act of 1954). This authorisation permits these firms, subject to certain conditions, to transfer technology to Indian entities, which is otherwise barred under 810 regulations.

FROM THE FRONT PAGE

NCLT loses power to delay insolvency

BIKASH JHAWAR, SENIOR partner at Saraf and Partners, said that the change appropriately addresses the uncertainty created by the interpretation in the Vidarbha judgment, which had enabled NCLTs to examine the broader circumstances and background of the debtor's situation even after the existence of a default was established.

"While the Vidarbha judgment had created additional rights for borrowers/guarantors, the amendment restores greater predictability and strengthens the efficacy of the IBC framework," he said.

Section 7 of the IBC allows banks and financial institutions to apply to recover dues from defaulting companies. The old Section 7(5)(a) said the NCLT "may" admit such an application once default is proven. This differs from Section 9, which covers operational creditors (like suppliers, employees, government authorities), where the law says "shall," making admission mandatory once default is shown.

The Supreme Court's ruling in Vidarbha Industries triggered concerns among creditors that the errant promoters would delay the admission process by inviting NCLT to assess their financial position.

According to Durgesh Khanapurkar, partner at Desai & Diwanji, the amendment was introduced specifically to reverse the consequences of the Vidarbha ruling. "The principal consequence is that the NCLT will no longer have the discretion to weigh broader commercial considerations," he added.

This change specifically targets long delays that have weakened the IBC's time-bound resolution promise. The average resolution time has worsened to 744 days as on March 2026, up from 713 days a year earlier, and well above the 270-day target given in the law.

Broadly, the IBC Amendment Act 2026, parts of which have come into force in May, has reduced potential bottlenecks to achieve quicker admission of cases, enhanced oversight of the lenders during liquidation, tighter rules governing withdrawal of insolvency applications, and the introduction of a new creditor-initiated insolvency resolution process (CIIRP) that bypasses the admission stage altogether.

FROM THE FRONT PAGE

Garment exports face new US test

INDUSTRY EXECUTIVES SAID US buyers, known for their aggressive price sensitivity, are unlikely to absorb the additional costs. Except in niche categories, exporters will be forced to shoulder much of the burden through lower margins.

The industry's current level of traceability may also fall short of US requirements. Under the new regime, importers must demonstrate that their supply chains are free of forced labour.

"Only about 25-30% of Indian apparel export consignments currently carry formal fibre-traceability certifications," said Ajay Sahai, director-general of the Federation of Indian Export Organisations (FIEO). "These are largely driven by requirements imposed by global brands and large retailers rather than industry-wide standards."

India's exposure to Chinese inputs varies sharply across product categories. For cotton apparel, dependence is negligible as India is largely self-sufficient and remains a net exporter of cotton-based inputs. However, Chinese suppliers remain critical in synthetic and blended textiles, particularly speciality yarns, performance fabrics, trims and embellishments. Industry estimates place Chinese content at 12-15% in such products.

India imported nearly $3.8 billion worth of yarns, fabrics and related textile inputs from China in FY26, compared with apparel exports of $15.8 billion. While this may suggest significant dependence, a large portion of those imports is consumed domestically in segments such as home textiles and technical textiles.

"India has not diversified and upgraded its man-made fibre ecosystem sufficiently. That remains the key reason for our dependence on China in this segment," said Chandrima Chatterjee, secretary-general of the Confederation of Indian Textile Industry.

The latest tariff comes four years after the US enacted legislation barring imports linked to forced labour in China's Xinjiang region. That move accelerated the "China+1" sourcing strategy among retailers such as Walmart, Target, Gap and JCPenney. While India did attract some additional orders, Vietnam and Bangladesh captured a larger share because of their stronger manufacturing ecosystems and deeper integration with global supply chains.

Industry sources estimate that India secured a modest 4-6% increase in sourcing in categories such as cotton-rich home textiles and basic apparel between 2022 and 2025. However, the gains were not substantial enough to transform the sector's fortunes.

The numbers bear this out. India's apparel exports stood at $15.8 billion in FY26, little changed from FY25 and only marginally above FY20 levels. The US share in India's textile and clothing exports has remained broadly stagnant at 25-26%, rising to about 30-32% in the garment segment. Readymade garment exports to the US actually declined from $5.3 billion in FY22 to $4.8 billion in FY26.

According to Sahai, the blanket 12.5% tariff has prompted US retailers to adopt a wait-and-watch approach, freezing short-term sourcing expansion plans. India's greatest vulnerability lies in synthetic textiles, where exporters may have to demonstrate that Chinese-origin intermediates have no links to sanctioned regions or entities.

Consumer-facing downstream segments such as garments, home furnishings, bed linen and towels are expected to face the greatest scrutiny because they move directly into US retail channels.

Cotton-based exports may be relatively insulated, but challenges remain. Full farm-to-retail traceability is common only in organic cotton supply chains. For conventional cotton, India's fragmented farming structure and multi-layered mandi system make comprehensive traceability difficult.

Large integrated textile companies and leading exporters have responded by accelerating investments in traceability systems, including blockchain-based tracking, DNA tagging and isotopic testing to establish fibre origin and rule out links to restricted regions. Compliance frameworks such as the Global Organic Textile Standard and recycled-content certification are also gaining importance.

Prabhu Dhamodharan, convenor of the Indian Texpreneurs Federation, said compliance-linked trade measures are becoming a bigger concern than headline tariff rates.

"India should seek maximum relief through the proposed bilateral trade agreement with the US, which could provide a meaningful competitive advantage. At the very least, tariff treatment should remain aligned with competing countries," he said.

Manoj Sethia, managing director of Surat-based Ginza Industries, said synthetic textile manufacturers continue to rely heavily on imports from China and Europe.

"Nylon and polyester filament yarns are mostly imported from China. At present, there is no robust mechanism to establish whether forced labour has been used in their production," he said.

The importance of the US market is evident from India's export profile. In FY26, the US accounted for 55.6% of India's carpet exports, 43.9% of made-ups and home furnishings exports, 34.8% of laminated industrial textile exports, 30.9% of knitted apparel exports and 30.2% of non-knitted apparel exports.

(Tomorrow: Can Customs detain and exclude goods with forced labour content?)

Trump's new threat halts peace talks with US

A RESOLUTION TO the fighting in Lebanon will be decisive for the success of the US-Iran talks in Switzerland, according to an official familiar with the discussions, who asked not to be identified discussing sensitive information.

The conflict emerged as a key roadblock, with other issues in focus being the Strait of Hormuz, US sanctions and frozen Iranian assets, the person said. Four-party talks started at 2:45 pm. local time and were supposed to continue Sunday evening. The Swiss are keeping the venue ready until mid-morning on Monday, allowing negotiations to run until then if necessary.

Israel, Washington's partner in the war on Iran that began February 28, has been fighting a parallel campaign against Hezbollah in neighboring Lebanon. Iran has consistently sought to link the conflict there, which has killed thousands and displaced more than 1 million Lebanese, with the broader US negotiations.

Israel has insisted it'll keep troops on its borders until it's sure that Hezbollah, designated a terrorist organization by the US, is no longer a threat. The Israel Defense Forces said its recent operations are targeting a network of underground bunkers where Hezbollah fighters are believed to be sheltering.

BLOOMBERG